**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 790** **28-01-2026 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക ബാങ്കുകളുടെ ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ സാമൂഹികവും സാമ്പത്തകവുമായ ഉന്നതിയ്ക്കായി സഹകരണ മേഖല വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വായ്പാ വിതരണത്തിനു പുറമേ വൈവിധ്യമാർന്ന നിരവധി പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും മറ്റ് സഹകരണ സംഘങ്ങളും നടത്തിവരുന്നു.<br><br>സർക്കാർ കഴിഞ്ഞാൽ സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് സഹകരണ സംഘങ്ങളാണ്.സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, സഹകരണമേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനായി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു.<br><br>സഹകരണ സ്ഥാപനങ്ങൾ സാധാരണക്കാരായ അംഗങ്ങളുടെ പങ്കാളിത്തത്തോടെ, തികച്ചും ജനാധിപത്യപരമായ നിയന്ത്രണത്തോടെ പ്രവർത്തിച്ചു വരുന്നു. കാർഷിക വ്യവസായ മേഖലകളിലേയും സേവന മേഖലകളിലേയും സംഘങ്ങൾക്ക് പുറമേ മാർക്കറ്റിംഗ് രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും ക്ഷീരോൽപ്പാദനം, മത്സ്യബന്ധനം എന്നീ മേഖലകളിലും ഏറ്റവും അധികം ആളുകൾ തൊഴിൽ ചെയ്തു വരുന്നു. സാമ്പത്തിക വളർച്ചക്ക് സമ്പൂർണ്ണവും ഉൽപാദനപരവുമായ തൊഴിൽ ശേഷിയുടെ ഉപയോഗവും മികച്ച തൊഴിലും എന്ന ആശയം ഏറ്റവും നല്ല രീതിയിൽ പ്രാവർത്തികമാകുന്നത് സഹകരണ മേഖലയിലാണെന്ന് നിസ്സംശയം പറയാനാകുന്നതാണ്. |

വാണിജ്യബാങ്കുകൾ നിഷേധ നിലപാട് സ്വീകരിക്കുമ്പോൾ, കേരളത്തിലെ ഇടത്തരക്കാരും ദരിദ്രരും ഒക്കെയായ വിവിധവിഭാഗം ജനങ്ങളുടെ വായ്പാവശ്യങ്ങൾ സിംഹഭാഗവും നിറവേറ്റുന്നത് സംസ്ഥാനത്തെ പ്രാഥമിക സംഘങ്ങൾ മുതൽ കേരള ബാങ്കുവരെയുള്ള വായ്പാസംഘങ്ങൾ ആണ്.

**1. <u>റിസ്ക് ഫണ്ട്</u>**

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി /കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നല്കുന്നത് സർക്കാർ അംഗീകരിച്ച് നല്കിയ റിസ്ക്ഫണ്ട് നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. ആയത് പ്രകാരം മരണാനന്തര സഹായമായി പരമാവധി മുതലിൽ 3,00,000/- രൂപയും മാരക രോഗം ബാധിച്ചവർക്ക് പരമാവധി മുതലിൽ 1,25,000/- രൂപയും നിയമാവലിയുടെ വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു നൽകുന്നു.

**2. <u>ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് പദ്ധതി</u>**

1969 ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമ പ്രകാരം രജിസ്റ്റർ ചെയ്തു നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ എല്ലാം നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിൽ അംഗങ്ങളായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലിക്വഡേറ്റ് ചെയ്ത സംഘത്തിന്റെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായി പരമാവധി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ് പദ്ധതി.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തിയാൽ ടി സംഘത്തിന്റെ നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്ന ആവശ്യത്തിലേയ്ക്കായി തുക ലഭ്യമാക്കുന്നതിനായി സംഘത്തിന്റെ അപേക്ഷയും സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചുനൽകിയ

തിരിച്ചടവ് ഷെഡ്യൂൾ ഉൾപ്പെടെയുള്ള പുനരുദ്ധാരണ പാക്കേജ് ശിപാർശ സഹിതം സംഘം സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് വായ്പയായി അനുവദിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചു വരുന്നു.

**3. <u>ആർബിട്രേഷൻ/എക്സിക്യൂഷൻ</u>**

സഹകരണ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ട് വരുന്നതിനും സമയബന്ധിതമായി ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുന്നതിന് നിർദേശം നൽകുകയും, ആയതിനു വേണ്ടി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഡിസംബർ 2024-സെപ്റ്റംബർ 2025 വരെയുള്ള കാലഘട്ടത്തിൽ 3,31,100 ആർബിട്രേഷൻ കേസുകളിലായി 12,502 കോടി രൂപയുടെ കേസുകൾ തീർപ്പാക്കാനും, 1,18,540 എക്സിക്യൂഷൻ കേസുകളിലായി 4,751 കോടി രൂപ സംഘങ്ങൾക്ക് പിരിച്ചെടുക്കാനും സാധിച്ചിട്ടുണ്ട്.

വിവിധ ഘട്ടങ്ങളിലായി സർക്കാർ നടപ്പാക്കിയ നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയിൽ മികച്ച രീതിയിൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**4. <u>നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി "നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും, 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും, 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും, 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും, 2025 ജനുവരി 2 മുതൽ 2025 ഏപ്രിൽ 30 വരെയും ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ടി പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനം

വരെ ഇളവ് നൽകുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ വകുപ്പിലെ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി സെയിൽ ഓഫീസർമാരുടെ ട്രെയിനിങ് 3 സോണുകളായി തിരിച്ച് തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ വെച്ച് നടത്തുകയുണ്ടായി. എല്ലാ ജില്ലയിലെയും 500ൽ അധികം ജീവനക്കാർക്ക് ടി ട്രെയിനിങ്ങിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. കൂടാതെ, പ്രാഥമിക കാർഷിക സഹകരണ ബാങ്കിലെ ലിക്വിഡേറ്റർമാരുടെ ഒരു പരിശീലന പരിപാടി 2024 നവംബർ മാസം നടപ്പിലാക്കി.

ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിനായി ഓരോ ഉദ്യോഗസ്ഥർക്കും പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ചു നൽകുകയും ഏറ്റവും മികച്ച രീതിയിൽ ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ പൂർത്തിയാക്കിയ ഉദ്യോഗസ്ഥർക്ക് തിരുവനന്തപുരത്ത് വെച്ച് നടന്ന സഹകരണ എക്സ്പൊ 2025 ൽ അവാർഡ് വിതരണം ചെയ്യുകയുമുണ്ടായി.

**5. <u>സഹകരണ മാന്വൽ</u>**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കടമകൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ സഹായിക്കുന്ന സമഗ്രമായ മാന്വൽ പ്രസിദ്ധീകരിച്ചു. ഈ മാന്വൽ സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ മുതൽ സമാപ്തീകരണം വരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നു. സഹകരണ നിയമം, ചട്ടങ്ങൾ, രജിസ്ട്രാറുടെ സർക്കുലറുകൾ എന്നിവ വിശകലനം ചെയ്താണ് മാന്വൽ തയ്യാറാക്കിയിരിക്കുന്നത്.

**6. <u>പ്രവർത്തന മാന്വൽ</u>**

ബഹു മുഖ്യമന്ത്രിയുടെ 19-4-2025 തീയതിയിലെ മീറ്റിങ്ങിൽ ആറാം നമ്പർ തീരുമാനപ്രകാരം സഹകരണസംഘം ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ഒരു പ്രവർത്തന മാന്വൽ നിർദ്ദേശിക്കുന്നു. ആയതുപ്രകാരം തയ്യാറാക്കിയ പ്രവർത്തന മാന്വൽ 72-മാത് സഹകരണ വാരാഘോഷ സമാപന വേദിയിൽ ആലപ്പുഴയിൽ വെച്ച് പ്രകാശനം ചെയ്തു.

**7. <u>മികവ് പദ്ധതി</u>**

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അറിവ്, കഴിവ്, മനോഭാവം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലന പദ്ധതിയാണ് മികവ്. HRMS സോഫ്റ്റ് വെയറിൽ ഒരു ട്രെയിനിംഗ് മൊഡ്യൂൾ സംവിധാനം ഏർപ്പെടുത്തിയാണ് പരിശീലനപരിപാടി നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഈ പദ്ധതിയുടെ ഭാഗമായി 300 ഉദ്യോഗസ്ഥർക്ക് മികച്ച പരിശീലനം നൽകാൻ കഴിഞ്ഞു. ഇതിനായി ACSTI മൺവിളയിൽ 2 സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിച്ചിട്ടുണ്ട്.

**8. <u>കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA)</u>**

സഹകരണ സംഘങ്ങളിലെ പരിശോധന നടപടികളുടെ കാര്യക്ഷമത, സുതാര്യത, ഉത്തരവാദിത്വം എന്നിവ വർദ്ധിപ്പിക്കുന്നതിനായി സഹകരണവകുപ്പ് വികസിപ്പിച്ചെടുത്ത സമഗ്ര ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (CIMA). ഇതേവരെ 3349 ഇൻസ്പെക്ഷനുകൾ [66(1)] പൂർത്തീകരിച്ചിട്ടുണ്ട്. മൊബൈൽ ആൻഡ് വെബ് സാങ്കേതിക വിദ്യകൾ അടിസ്ഥാനപ്പെടുത്തിയാണ് CIMA പ്രവർത്തിക്കുന്നത്. പരിശോധനാ ഉദ്യോഗസ്ഥരും മേൽനോട്ട ഉദ്യോഗസ്ഥരും, സഹകരണ സംഘങ്ങളും തമ്മിലുള്ള ആശയവിനിമയം ലളിതമാക്കുന്നതാണ് CIMA ആപ്ലിക്കേഷൻ. CIMA ആപ്ലിക്കേഷനിൽ സംഘം പരിശോധനയുടെ തൽസമയ നിരീക്ഷണവും ഫീഡ്ബാക്കും നൽകുവാൻ സാധിക്കുന്നു. അതോടൊപ്പം നിരീക്ഷണത്തിനു ശേഷമുള്ള നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കുവാനും സാധിക്കുന്നു. ഇന്ത്യയിലെ സഹകരണ രംഗത്തെ ആദ്യ ഡിജിറ്റൽ പരീക്ഷണമാണ് CIMA.

**9. <u>PACS-കളിൽ യൂണിഫോം സോഫ്റ്റ് വെയർ</u>**

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും (1,636) അവയുടെ ശാഖകളിലും (3,800) ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇത് സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ, വായ്പാ മാനേജ്മെന്റ്, അക്കൗണ്ടിംഗ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കും. അംഗങ്ങളുടെ രജിസ്ട്രേഷൻ, സാമ്പത്തിക റിപ്പോർട്ടിംഗ് എന്നിവ മെച്ചപ്പെടുത്താൻ ഇത് സഹായിക്കും. |
| (ബി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>**1. <u>മുറ്റത്തെ മുല്ല</u>**<br><br>ബ്ലേഡ് പലിശക്കാർ, ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധി വരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. ടി പദ്ധതി 14 ജില്ലകളിലും വിജയകരമായി നടപ്പിലാക്കി വരുന്നു.<br><br>**2. <u>കെയർ ഹോം പദ്ധതി</u>**<br><br>2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിയായ കെയർ ഹോം പദ്ധയിലൂടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2093 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറി.<br><br>2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി കെയർ ഹോം രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ 40 ഗുണഭോക്താക്കൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം കൈമാറി. പാലക്കാട് ജില്ലയിൽ കണ്ണാടി 2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവനസമുച്ചയത്തിന്റെയും മലപ്പുറം ജില്ലയിൽ പൊന്നാനി,തിരുർ താലൂക്കിൽ |

പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**3. പുനർജ്ജനി പദ്ധതി**

സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. ടി പദ്ധതിയിൽ 2022-23 വർഷം മുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

**4. സ്നേഹതീരം വായ്പാ പദ്ധതി**

കേരളത്തിലെ തീരദേശ ജില്ലകളിലേയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലേയും മത്സ്യതൊളിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യതൊഴിലാളികൾക്ക് വായ്പ നൽകുന്ന പദ്ധതിയാണ് "സ്നേഹതീരം വായ്പാ പദ്ധതി" ടി പദ്ധതി പൈലറ്റ് പ്രോജക്ടായി കോട്ടയം ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ളതും ആയത് പ്രകാരം കോട്ടയം ജില്ലയിലെ അയ്മനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 750-ൽ നിന്നും ആദ്യഘട്ട വായ്പയായി 5 പേരുൾപ്പെടുന്ന ദീപം ആക്ടിവിറ്റി ഗ്രൂപ്പിന് 50,000/- രൂപ വിതരണം ചെയ്തിട്ടുള്ളതുമാണ്.

**5. സഹകരണം സൗഹൃദം**

കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/ /പ്രാഥമിക സഹകരണ സംഘങ്ങൾ /ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം നാളിതു വരെ 519 വായ്പകളിലായി 4.30 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**6. സഹായ ഹസ്തം വായ്പാ പദ്ധതി**

പ്രാഥമിക സഹകരണ ബാങ്ക്/ സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറു സംരഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗ്ഗം

കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി വായ്പാ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതിയാണ് സഹായ ഹസ്തം വായ്പാ പദ്ധതി. നാളിതു വരെ 6643 വായ്പകളിലായി 13.49 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**7. <u>യുവജന സഹകരണ സംഘങ്ങൾ</u>**

സംസ്ഥാനത്ത് യുവജനങ്ങളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെ ഒന്നാം ഘട്ട 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ വിവധ ജില്ലകളിലായി 32 യുവ ജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. ടി സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ തലത്തിൽ നോഡൽ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**8. <u>സഹകാരികൾക്കുള്ള ആശ്വാസ നിധി</u>**

അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വാർഷിക വരുമാനം 300,000/- രൂപയിൽ താഴെ ഉള്ളവരും, നിരാലംബരുമായ സഹകാരികൾക്ക് രോഗ ശുശ്രൂഷയ്ക്കും ചികിത്സയ്ക്കുമായി പരമാവധി 50,000/- രൂപയും സഹകാരികൾ മരണപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അവരുടെ ആശ്രിതർക്ക് പരമാവധി 25,000/- രൂപ ധനസഹായം നൽകുന്നതിനുമായിട്ടാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടി പദ്ധതി പ്രകാരം 436 അപേക്ഷകളിലായി 1,17,50,000/- ധന സഹായം അനുവദിച്ചിട്ടുണ്ട്.

**9. <u>കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി</u>**

ഗുരുതര രോഗം ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധന സഹായ വിതരണം നടത്തി വരുന്നു. ഈ സർക്കാർ വന്നതിനു ശേഷം 7 ഘട്ടങ്ങളിൽ ആയി സഹകരണ അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ 46,310

ഗുണഭോക്താക്കൾക്കായി ആകെ 97,44,20,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**10. <u>അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി</u>**

പെരിന്തൽമണ്ണ ഇ.എം.എസ്. ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ അട്ടപ്പാടി മേഖലയിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്ന പ്രവർത്തനം നടത്തി. ഗർഭിണികളായ സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പിലാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതി പ്രകാരം പ്രയോജനം ലഭിച്ചിട്ടുണ്ട്.

**11. <u>പാലിയേറ്റീവ് കെയർ പദ്ധതി</u>**

കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖയിലൂടെ എന്ന ഉദ്ദേശ്യത്തോടെയാണ് സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. വാർദ്ധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകൾ പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുവാൻ ഉതകുന്ന സഹകരണ ആശുപത്രികൾ ഇല്ലാത്തതിനാൽ ടി ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിലെ ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിക്കുകയുണ്ടായി. ടി പദ്ധതി ആരംഭിച്ച വേളയിൽ 9 ജില്ലകളിലെ 18 ആശുപത്രി സംഘങ്ങളെ ഉൾപ്പെടുത്തി ആരംഭിച്ച പെയ്ഡ് പാലിയേറ്റീവ് കെയർ പദ്ധതി നിലവിൽ 23 ആശുപത്രി സഹകരണ സംഘങ്ങളിൽ നടപ്പിലാക്കി വരുന്നു.

**12. <u>Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICE)</u>**

കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരൻമാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് അവരുടെ തൊഴിൽ, സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി പദ്ധതികൾ ആവിഷ്കരിക്കുകയും ക്ഷേമത്തിനായി

പ്രവർത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായും Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICE) എന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു. നിയമാവലി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി സംഘം പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഭരണ സമിതി ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു.

**13. <u>കേരള സ്റ്റേറ്റ് ഷോപ്പ്സ് ആന്റ് കൊമേഴ്‌സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511.</u>**

സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ഒരു സഹകരണ സംഘമാണ് കേരള സ്റ്റേറ്റ് ഷോപ്പ്സ് ആന്റ് കൊമേഴ്‌സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511. കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവ്വതോന്മുഖ അഭിവൃദ്ധിയും, വ്യാപാര വാണിജ്യ മേഖലയിൽ തൊഴിൽ എടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും, പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതോടൊപ്പം അവരുടെ ക്ഷേമമാണ് സംഘത്തിന്റെ പ്രധാന പ്രവർത്തന ലക്ഷ്യം.

**14. <u>കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം</u>**

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുതകും വിധം സഹകരണമേഖലയെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായി സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

**15. <u>സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി</u>**

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണസംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്ന പദ്ധതി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിതോട്ടങ്ങൾ നിർമ്മിക്കുവാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഗ്രാമീണ ചന്ത മുഖേനയോ, കാർഷിക വിപണന കേന്ദ്രം മുഖേനയോ കോപ് മാർട്ടിന്റെ സ്റ്റാൾ മുഖേനയോ വിതരണം ചെയ്യുന്നു. ഈ പദ്ധതി പ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് 14 ജില്ലകളിലുമായി 5554 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജില്ലകളിലും പച്ചക്കറി കൃഷിയാണ് കൂടുതലായും ചെയ്തു വരുന്നത്. ഇതു കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും, ഇതിന്റെ ഭാഗമായി കൃഷി ചെയ്തു വരുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പ്രധാനമായും ബാങ്കുകളുടെ ജൈവ കാർഷിക ചന്തകൾ വഴിയും, ഓപ്പൺ മാർക്കറ്റ് വഴിയും, കുടുംബശ്രീ വഴിയും വിറ്റഴിക്കുന്നു.

ഇതിന്റെ തുടർച്ചയായി രണ്ടാം ഘട്ടത്തിൽ ഒരു ജില്ലക്ക് ഒരു വിള എന്ന രീതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നാളിതു വരെ 14 ജില്ലകളിലുമായി 381.45 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. ഒപ്പം 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യ വർഷമായി പ്രഖ്യാപിച്ചിരുന്നതിനാൽ ധാന്യ വിളകൾക്കും പദ്ധതി പ്രാധാന്യം നൽകുകയുണ്ടായി. ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും, അതുവഴി കൂടുതൽ യുവജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുവാനും, അവരിൽ കൃഷിയുടെ ആവശ്യകത സംബന്ധിച്ച് ബോധവത്ക്കരണം നടത്തുവാനും ഈ പദ്ധതി മൂലം സാധിക്കുകയുണ്ടായി.

**16. PAPCOS**

പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക. കൂടാതെ സ്വന്തം ബ്രാന്റിൽ ജില്ലയിലെ സഹകരണ സംഘങ്ങളുടെ വിപണന സ്റ്റാളുകൾ വഴി വിപണനം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക സഹകരണ

സംഘങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS). നിലവിൽ വന്നിട്ടുണ്ട്. സംഘത്തിൽ 2500 MT സംഭരണ ശേഷിയുള്ള 6 സൈലോകൾ (ആകെ 15000 MT) 1 ലക്ഷം MT വരെ സംസ്കരിക്കാൻ കഴിയുന്ന തരത്തിലുള്ള പാർ ബോയിലിംഗ് യൂണിറ്റ്, ആധുനിക റൈസ് മിൽ, എന്നിവ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുള്ളതും ആയത് സംബന്ധിച്ച നടപടി സ്വീകരിച്ചു വരുന്നതുമാണ്.

**17. KAPCOS**

പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്. കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ അരിമില്ല്, സംസ്കരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിയ്ക്കുകയും ആയതിന് ആവശ്യമായ സംഭരണ ശാലകൾ സ്ഥാപിക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനത്തിലൂടെ നെൽ കർഷകരെ സഹായിക്കുകയും നെൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുക എന്നതുമാണ് ടീ സംഘത്തിന്റെ പ്രധാന ഉദ്ദേശം. അരിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിൽ എത്തിക്കുന്നതിനായി സംഘം റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആധുനിക രീതിയിലുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനും കർഷകരിൽ നിന്നും അരി സംഭരിച്ച സംഘത്തിന്റെ ആഭിമുഖ്യത്തിൽ ബ്രാൻഡഡ് അരിയായി വിപണിയിൽ വിൽക്കുന്നതിനും പദ്ധതി തയ്യാറാക്കി വരുന്നു. സംഘത്തിന്റെ നേതൃത്വത്തിൽ ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിന് നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

കേരളത്തിലെ നെൽ കർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) അംഗങ്ങളായി സഹകരണ മേഖലയിൽ സ്ഥാപിതമായ പാലക്കാട് പാഡി പ്രോക്യുർമെന്റ് പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രോക്യുർമെന്റ്

പ്രോസ്സസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) എന്നീ സഹകരണ സംഘങ്ങളുടെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള പദ്ധതി പൂർണ്ണപഥത്തിലെത്തുന്നതോടെ കേരളത്തിലെ 67 ശതമാനത്തോളം വരുന്ന നെല്ലുൽപാദനത്തിന്റെ 39.90% പാലക്കാട് ജില്ലയിൽ നിന്നും, 26.64% കുട്ടനാട്, അപ്പർ കുട്ടനാട് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരിൽ നിന്നും സംഭരിക്കുവാൻ സാധിക്കുന്നതും, സംസ്കരിച്ച് വിപണനം നടത്തുവാൻ സാധിക്കുന്നതുമാണ്. കൂടാതെ ടി സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ പെട്ട മുഴവൻ നെൽ കർഷകർക്കും വിത്തുകൾ, തൈകൾ, വളങ്ങൾ, ആധുനിക കൃഷിയുപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിനും ആധുനിക കൃഷി സമ്പ്രദായങ്ങൾ വ്യാപിപ്പിക്കുവാനും കഴിയുന്നതാണ്.

### 18. <u>Branding & Marketing Of Co-Operative Products</u>

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 80-ഓളം സഹകരണ സംഘങ്ങൾ ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ടി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖലകെട്ടിപ്പടുത്തിയിരിക്കുകയാണ്. സഹകരണ വകുപ്പ് ആരംഭിച്ച "Branding & Marketing of Co-operative Products" പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടം 14 coopmartകൾ ആരംഭിച്ചിട്ടുള്ളതും പുതിയ 16 കോപ്പ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാണ്. ഘട്ടം ഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുകയാണ്. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്ര ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കുന്നതിന് സർക്കാർ 11 അംഗ മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ coopkerala സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുന്നതുമാണ്. ഗുണമേന്മയുള്ള വിവിധ സഹകരണ ഉത്പന്നങ്ങൾ കോപ്കേരള

(coopkerala) ബ്രാന്റോട്ടുകൂടി ആമസോൺ ഓണലൈൻ പ്ലാറ്റ്ഫോമിലും എത്തിയിട്ടുണ്ട്. കൂടുതൽ ഉൽപന്നങ്ങൾ ഓൺബോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 2022-24 വരെയുള്ള വർഷങ്ങളിൽ 24 സംഘങ്ങളുടെ 90 ഉൽപ്പന്നങ്ങൾക്കും, 2025 വർഷത്തിൽ 9 സംഘങ്ങളുടെ 61 ഉൽപ്പന്നങ്ങൾക്കും coopkerala സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഇപ്രകാരം coopkerala സർട്ടിഫിക്കേഷൻ ലഭിച്ച ഉൽപ്പന്നങ്ങൾക്കായി ഒരു സ്വാതന്ത്ര ഡിജിറ്റൽ വിപണിയായ "അങ്ങാടി കേരള" പ്ലാറ്റ്ഫോം ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

**19. <u>നെറ്റ് സീറോ എമിഷൻ പദ്ധതി</u>**

'മാലിന്യമുക്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണവകുപ്പിലൂടെ" എന്നൊരു പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. കാർബൺഡൈ ഓക്സൈഡ്, മീഥെയ്ൻ, നൈട്രസ് ഓക്സൈഡ് തുടങ്ങിയ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനവും ആഗിരണവും തുലനാവസ്ഥയിൽ എത്തിച്ച് കേരളത്തിന്റെ പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സഹകരണ മേഖലയിലെ പ്രവർത്തനശൈലിയിലൂടെയും സുസ്ഥിര വികസനത്തിലൂടെയും മനുഷ്യ പ്രേരിത കാർബൺ ബഹിർഗമനം കുറക്കുക എന്ന ലക്ഷ്യത്തോടെയാണ് "നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ സംഘങ്ങളിലൂടെ" എന്നത് വിഭാവനം ചെയ്തിരിക്കുന്നത്. സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളസ്ഥാപനങ്ങൾ, കൃഷിയിടങ്ങൾ, സംഘങ്ങളുടെ സഹകരണത്തോടെ ലഭ്യമാകുന്ന പൊതു ഇടങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദ നെറ്റ് സീറോ എമിഷൻ പ്രദേശങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ